യോഗത്തിന് വേണ്ടിയും നിയുക്ത പോലീസ് കോൺസ്റ്റബിൾമാരുടെ പാസ്സിംഗ് ഔട്ട് പരേഡിനായി 21.10.99 മുതൽ 2.11.99 വരെയും സ്റ്റേഡിയം അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) 4.6.1993-ലെ ജി.ഒ.(ആർ.ടി) നമ്പർ 2023/93/പൊ.വി. പ്രകാരം റിപ്പബ്ലിക്ദിന സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് ഒഴികെ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം സ്പോർട്സ് ആവശ്യത്തിനു മാത്രമേ അനുവദിക്കുകയുള്ളു എന്ന ഉത്തരവ് നിലവിലുണ്ട്.

17 (183) പണി നടന്നുകൊണ്ടിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ വൻകിട ജലസേചനപദ്ധതികളുടെ പണിയാണ് നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് പണി ആരംഭിക്കുന്നതിന് മുമ്പ് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്; ഇങ്ങനെ കേന്ദ്രാനുമതി ലഭിക്കാതെ ആരംഭിച്ച പണികൾ ഏതെല്ലാം;

(സി) കേന്ദ്രാനുമതി ലഭിക്കാതെ പണി ആരംഭിച്ചു എന്ന കാരണത്താൽ ആർക്കെങ്കിലും എതിരെ കേസ് നിലവിലുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ പദ്ധതികളിൽ ആർക്കെല്ലാമെതിരെ കേസ് നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പഴഞ്ഞി, കുതിരാകുടി, കാരപ്പാറ, ഇടമലയാർ, കല്ലട, മൂവാറ്റുപുഴ എന്നീ വൻകിട ജലസേചന പദ്ധതികളുടെ പണികളാണ് ഇപ്പോൾ നടന്നു വരുന്നത്.

(ബി) ഇതിൽ ഒരു പദ്ധതിയിലും പണി ആരംഭിക്കുന്നതിനുമുമ്പ് കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരം ലഭിച്ചിരുന്നില്ല.

(സി) നിലവിലില്ല.

(ഡി) ഉദിക്കുന്നില്ല.

18 (184) നിർമ്മാണത്തിലിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(സി) നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾക്ക് ഓരോന്നിനും എന്ത് തുക വീതമായിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly